**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4498** **19-07-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിന്റെ സ്ഥലത്ത് വ്യാപാരികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം ബോർഡിന്റെ വസ്തുക്കളിൽ സ്ഥിതി ചെയ്തിരുന്ന വ്യാപാര സ്ഥാപനങ്ങൾ ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ചു മാറ്റിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട വ്യാപാരികളെ ദേവസ്വം ബോർഡിന്റെ സ്ഥലത്ത് തന്നെ കടകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വസ്തുക്കളിൽ സ്ഥിതി ചെയ്തിരുന്ന വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചു മാറ്റിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട വ്യാപാരികളെ ദേവസ്വം ബോർഡിന്റെ സ്ഥലത്ത് തന്നെ കടകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സാധിക്കുകയില്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. മറ്റ് ദേവസ്വം ബോർഡുകളിൽ നിന്ന് ദേശീയ പാത 66 നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റിയതായോ വ്യാപാരികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായോ സംബന്ധിച്ച പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ